# കുലശേഖരപുരം സർവ്വീസ് സഹകരണ ബാങ്ക്
# (ക്ലിപ്തം) നമ്പർ 995

ബാങ്ക് ബൈലോ 56 (8) അനുസരിച്ച് തയ്യാറാക്കിയ

# മൾട്ടി ഗ്രൂപ്പ് ഡെപ്പോസിറ്റ് ആന്റ് ക്രെഡിറ്റ് സ്കീം
## ഉപനിബന്ധനകൾ

1. ഈ സ്കീമിന്റെ കാലാവധി പരമാവധി 120 മാസമായിരിക്കും. ഈ സ്കീം തുടർച്ചയായി .......................രൂപാ വീതം മാസംതോറും നിക്ഷേപിക്കാവുന്ന ........................ ലക്ഷം രൂപയുടെ 4 നമ്പരിന്റേത് മാത്രമായിരിക്കും.
2. പദ്ധതിയിൽ അംഗമാകുന്ന നിക്ഷേപകൻ, നിക്ഷേപകസംഖ്യ മുടക്കം കൂടാതെ മാസംതോറും അടച്ച് ഈ സ്കീം വട്ടമെത്തിക്കേണ്ടതാണ്. മുടക്കമില്ലാതെ സ്കീം വട്ടമെത്തി മുപ്പത് ദിവസത്തിനകം ബാങ്ക് കമ്മീഷൻ 5% കഴിച്ച് ബാക്കി രൂപാ ഓരോ നിക്ഷേപകനും നൽകുന്നതായിരിക്കും.
3. ഈ സ്കീമിലെ നിക്ഷേപകർക്ക് മാസത്തിൽ നാല് നിക്ഷേപകർ എന്ന തോതിൽ നിക്ഷേപ വായ്പ അനുവദിക്കുന്നതായിരിക്കും. എല്ലാമാസവും നിക്ഷേപ വായ്പ ആവശ്യമുള്ള നിക്ഷേപകരുടെ നമ്പരുകൾ കുറിയിടുന്നതും ആദ്യം കുറികിട്ടുന്ന നിക്ഷേപകന് 5% കഴിച്ച് നിക്ഷേപ വായ്പ അനുവദിക്കുന്നതും തുടർന്ന് നിക്ഷേപ വായ്പ ആവശ്യമുള്ള നിക്ഷേപകരുടെ നമ്പരുകൾ കുറിയിട്ടോ ലേലം വിളിച്ചോ 3 നമ്പരുകൾ ഓരോ നിക്ഷേപകനും പരമാവധി 30% വീതം കഴിച്ച് നിക്ഷേപ വായ്പ അനുവദിക്കുന്നതുമാണ്. നിക്ഷേപവായ്പാ സംഖ്യ ബാങ്ക് കമ്മീഷൻ ഉൾപ്പടെ 30% കവിയുന്നതല്ല.
4. അംഗങ്ങൾക്കും നോമിനൽ അംഗങ്ങൾക്കും ഈ പദ്ധതിയിൽ ചേരുന്നതിന് അർഹത ഉണ്ടായിരിക്കും.
5. മേൽപ്പറഞ്ഞപ്രകാരം വായ്പ നൽകുമ്പോൾ ഓരോ നിക്ഷേപകനും ബോണസ് കമ്മീഷനായി നിക്ഷേപിക്കുന്ന സംഖ്യ വായ്പ എടുത്തവർക്കും എടുക്കാത്തവർക്കും തുല്യമായി ബോണസ് നൽകുന്നതായിരിക്കും. ബോണസ് വിഹിതമുണ്ടെങ്കിൽ അത് കഴിച്ച് ബാക്കി സംഖ്യമാത്രം നിക്ഷേപ സംഖ്യയായി അടുത്തതവണ അടച്ചാൽ മതിയാകുന്നതാണ്.
6. വായ്പ എടുത്തതിനുശേഷം തവണ കുടിശികവരുത്തുന്ന നിക്ഷേപകനിൽനിന്നും 12% പലിശയും വായ്പ എടുക്കാത്തനിക്ഷേപകനിൽ നിന്നും 9% പലിശയും ഈടാക്കുന്നതാണ്. അവധി തെറ്റിയ തവണയ്ക്ക് ദിവസം കണക്കാക്കാതെ ഒരു മുഴുവൻ മാസത്തെ പലിശനൽകേണ്ടതാണ്.
7. ഈ സ്കീമിന്റെ നിശ്ചിതദിവസം അതാത്മാസം 10-ാംതീയതിയോ, ആ ദിവസം ബാങ്കിന്റെ അവധി ദിവസമെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ആയിരിക്കുന്നതാണ്.
8. നിക്ഷേപ വായ്പ വാങ്ങിയിട്ടുള്ള നിക്ഷേപകന്റെ നിക്ഷേപ അക്കൗണ്ട് ക്രമാനുസരണം മുടക്കം കൂടാതെ സംഖ്യ നിക്ഷേപിച്ചിരിക്കേണ്ടതും, അപ്രകാരം തവണ മുഴുപ്പിക്കേണ്ടതുമാണ്.

9. ഈ സ്കീം, ഉപനിബന്ധനകൾ അംഗീകരിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം ആരംഭിക്കേണ്ടതാകുന്നു. സ്കീം വട്ടമെത്തിയാൽ അത് പ്രകാരമുള്ള നിക്ഷേപതുക ടിയാന്റെ വായ്പ ഇടപാടിലേക്ക് അഡ്ജസ്റ്റ് ചെയ്ത് വായ്പ ഇടപാട് അവസാനിപ്പിക്കുന്നതാകുന്നു. എന്നാൽ നിക്ഷേപകൻ സ്കീം തവണകൾ മുടക്കം വരുത്തുകയും, ടിയാനിൽനിന്നും വായ്പ ഇടപാട് അവസാനിപ്പിക്കുന്നതിന് സംഖ്യ തികയാതെ വരുകയും ചെയ്യുന്നപക്ഷം ഇതുപ്രകാരമുള്ള സംഖ്യ, പലിശ, മറ്റുചെലവുകൾ എന്നിവ വായ്പക്കാരനിൽനിന്നും ഈടാക്കുവാൻ ബാങ്കിന് അധികാരമുണ്ടായിരിക്കുന്നതാണ്.

10. സ്കീം വായ്പവാങ്ങി നിക്ഷേപ സ്കീം മുടക്കം വരുത്തുന്ന നിക്ഷേപകനിൽ നിന്നോ ടിയാന്റെ ജാമ്യക്കാരിൽനിന്നോ അവരുടെ മറ്റ് സ്ഥാവര ജംഗമ സ്വത്തുക്കളിൽനിന്നോ ഈ സ്കീം അവസാനിക്കുന്നതിന് മുമ്പോ അവസാനിച്ചശേഷമോ എപ്പോൾ വേണമെങ്കിലും മുഴുവൻ വായ്പ തുകയും, പലിശ, മറ്റ് ചെലവുകൾ എന്നിവ വായ്പക്കാരനിൽനിന്നും ഈടാക്കുവാൻ ബാങ്കിന് അധികാരമുണ്ടായിരിക്കുന്നതാണ്.

11. സ്കീമിന്റെ നിശ്ചിത തീയതിയ്ക്കുമുമ്പുള്ള പ്രവൃത്തിദിവസം തവണ തുക അംഗങ്ങൾ അടച്ചിരിക്കേണ്ടതാണ്.

12. സ്കീം വായ്പലഭിക്കുന്നതിന് നിക്ഷേപകൻ ബാങ്കിന്റെ നിശ്ചിത ഫാറത്തിൽ അപേക്ഷിക്കേണ്ടതും അപേക്ഷ ബാങ്കിന്റെ സ്വീകാര്യതയിൽ നിശ്ചിത തീയതിയ്ക്കുശേഷമുള്ള ഏത് ദിവസവും വായ്പ വാങ്ങാവുന്നതാണ്.

13. സ്കീം വായ്പ മതിയായ ജാമ്യത്തിലോ, സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യത്തിലോ നൽകുന്നതാണ്. സ്വർണ്ണാഭരണമോ സ്ഥിരം നിക്ഷേപമോ ജാമ്യമായി നൽകുന്നവർക്ക് ഇത് ബാധകമല്ല.

14. ബാങ്കിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടി ഒരു നിക്ഷേപകന് ടിയാന്റെ സ്കീമിലുള്ള അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. എന്നാൽ സ്കീം വായ്പ വാങ്ങിയിട്ടുള്ള നിക്ഷേപകന് കൈമാറ്റം അനുവദനീയമല്ല.

15. സ്കീം നിക്ഷേപകൻ ബാങ്കിൽ സ്വന്തംനിലയ്ക്കോ, ജാമ്യവ്യവസ്ഥയിലോ ബാദ്ധ്യതപ്പെട്ടിട്ടുണ്ടെങ്കിൽ സ്കീം നിക്ഷേപ സംഖ്യ ബാദ്ധ്യതയിലേക്ക് തട്ടികഴിക്കുവാൻ ബാങ്കിന് അധികാരമുണ്ടായിരിക്കും.

16. നിക്ഷേപകൻ അടയ്ക്കുന്ന സംഖ്യയ്ക്ക് ബാങ്ക് രസീത് നൽകുന്നതാണ്. സ്കീം വായ്പക്കാരനും, ജാമ്യക്കാരനും ബാങ്കിൽനിന്നും വാങ്ങുന്ന സംഖ്യയ്ക്ക് ആവശ്യമായ വൗച്ചറും, ജാമ്യച്ചീട്ടും/പണയാധാരം ഇവ ഒപ്പിട്ട് നൽകേണ്ടതാകുന്നു.

17. ഈടായി തരുന്ന വസ്തു മുതലായവയെ നോക്കികണ്ട് തീർച്ചയാകുന്നതിനും ബാദ്ധ്യതകളെ പറ്റി അന്വേഷിക്കുന്നതിനും മറ്റും വേണ്ടിവരുന്ന ചെലവുകളും, മുദ്രവില, രജിസ്ട്രേഷൻ ഫീസ് മുതലായവയും സ്കീം വായ്പക്കാരൻ തന്നെ വഹിക്കേണ്ടതാകുന്നു.

18. മൂന്നോ അതിൽ കൂടുതലോ ഗഡുക്കൾ തുടർച്ചയായി മുടക്കം വരുത്തുന്ന സ്കീം നിക്ഷേപകന് സ്കീമിൽ തുടരുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. ടിയാനെ സ്കീമിൽ നിന്നും നീക്കം ചെയ്യുവാൻ ബാങ്കിന് അധികാരം ഉണ്ടായിരിക്കും. അപ്രകാരം നീക്കം ചെയ്യുന്ന നിക്ഷേപകന് ബോണസിന് അർഹത ഉണ്ടായിരിക്കുന്നതല്ലാത്തതും സ്കീമിൽ ടിയാൻ രൊക്കം അടച്ച സംഖ്യയ്ക്ക് മാത്രം അർഹതയുണ്ടായിരിക്കുന്നതുമാണ്. ഇത്തരം ഒരു നിക്ഷേപകനെ നീക്കം ചെയ്തില്ല എന്നതുകൊണ്ട് മാത്രം ടിയാനെ സ്കീമിൽ തുടരുന്നതിന് അനുവദിച്ചതായി കണക്കാക്കുന്നില്ല.

19. ഈ നിക്ഷേപ പദ്ധതിയിലുള്ള ആകെ തുകയ്ക്ക് തുല്യമായ തുക പദ്ധതിയുടെ കാലാവധി പൂർത്തിയാകുന്ന കാലയളവിലേക്ക് ജില്ലാ സഹകരണ ബാങ്കിൽ സ്ഥിരനിക്ഷേപം ചെയ്യേണ്ട താണ്. ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ മുൻകൂർ അനുവാദമില്ലാതെ ഈ തുക പിൻവലി ക്കുവാൻ പാടില്ല.

20. ഈ സ്കീമിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ആവശ്യമെന്നു തോന്നുന്ന യുക്തമായ നിശ്ചയ ങ്ങൾ ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ അംഗീകാരത്തിന് വിധേയമായി കൂട്ടിച്ചേർക്കുന്ന തിനും ഈ നിശ്ചയങ്ങളിൽ ആവശ്യമെന്ന് തോന്നുന്ന ഭേദഗതികൾ ചെയ്യുന്നതിനും ബാങ്ക് ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം നീക്കം ചെയ്യപ്പെടുന്നതോ കൂട്ടിച്ചേർക്കപ്പെടുന്നതോ ആയ എല്ലാനിശ്ചയങ്ങളും സ്കീം നിക്ഷേപകർക്കും സ്കീം വായ്പ ക്കാരനും ബാധകമായിരിക്കുന്നതാണ്.

21. ഈ സ്കീം വായ്പ സംബന്ധിച്ചുണ്ടാകുന്ന എല്ലാ തർക്കങ്ങളിലും ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ തീരുമാനം അന്തിമവും എല്ലാവർക്കും ബാധകമായിരിക്കുന്നതുമാണ്.

22. ഈ സ്കീം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ മുൻകൂർ അനുവാദമില്ലാതെ തുടർന്ന് നടത്തുവാൻ പാടില്ല.

23. ഈ സ്കീമിന്റെ ലാഭ നഷ്ടക്കണക്ക് ഓരോ വർഷവും പ്രത്യേകം തയ്യാറാക്കേണ്ടതും, ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ/ആഡിറ്റർ/ പരിശോധനയ്ക്ക് വിധേയമാകേണ്ടതുമാണ്.

24. ഓരോ പുതിയ സ്കീമിന്റെ അപേക്ഷയോടൊപ്പവും പദ്ധതിചട്ടപ്രകാരമാണ് നടക്കുന്നതെന്നും. യാതൊരു അഴിമതിയും ഇല്ലെന്നുമുള്ള യൂണിറ്റ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാരുടെ മേലൊപ്പോടുകൂടി ഹാജരാക്കേണ്ടതാണ്.

25. സ്കീം സലയുടെ പത്തുശതമാനം അടച്ച GDCS പിടിയ്ക്കാത്ത നിക്ഷേപകർക്ക് മാത്രമെ സ്കീം വായ്പയ്ക്ക് അർഹതയുള്ളു.

26. ഓരോ GDCS നും. നിക്ഷേപകൻ അടച്ച തുകയുടെ 75 ശതമാനംവരെ പരമാവധി GDCS വായ്പാ അനുവദിക്കാവുന്നതാണ്.

27. സ്കീം വായ്പയുടെ ഈട് സഹകരണസംഘങ്ങൾ നൽകുന്ന നിക്ഷേപ ജാമ്യവായ്പകൾ പോലെ ഓരോ സ്കീം നിക്ഷേപത്തിലും അടച്ചമൊത്തം തുകയുടെ ജാമ്യത്തിൻ മേൽ നൽകേ ണ്ടതാണ്.

28. സ്കീം വായ്പകൾക്ക് ഒന്നിലധികം സ്കീം നിക്ഷേപത്തിന്റെ ഈട് അനുവദിക്കുവാൻ പാടുള്ളതല്ല.

29. സ്കീം വായ്പയുടെ കാലാവധി വായ്പക്കാരൻ പിടിക്കുന്നതോ വട്ട വറുതിയാകുന്നതോ വരെ ആയിരിക്കും.

30. GDCS തുക നിക്ഷേപകൻ കൈപ്പറ്റുന്നതിന് മുമ്പ് വായ്പയും പലിശയും മൊത്തമായി വകവച്ചതിനുശേഷം ബാക്കിതുക നിക്ഷേപകന് നൽകിയാൽ മതിയാകും. ഇതിന് നിക്ഷേ പകനിൽനിന്നും സമ്മതപത്രം വാങ്ങേണ്ടതാണ്.

31. സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്നും നൽകുന്ന വായ്പകൾക്ക് നിശ്ചയിച്ചി ട്ടുള്ള പലിശനിരക്കിൽ അധികരിക്കാത്ത GDCS വായ്പയ്ക്ക് പലിശ ഈടാക്കാവുന്നതാണ്.

32. വായ്പയുടെ പലിശയും മുതലും മാസംതോറും അടയ്ക്കാവുന്നതും GDCS തുക പറ്റുന്ന തിന് മുൻപായി വായ്പകണക്ക് അവസാനിപ്പിക്കേണ്ടതുമാണ്.

33. GDCS വായ്പകൾ നൽകുന്നതിന് സഹകരണസംഘങ്ങൾ ഉപനിബന്ധനകൾ പാസ്സാക്കി ജില്ലാ സഹകരണസംഘം ജനറൽ ജോയിന്റ് രജിസ്ട്രാറിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

ഈ ആഫീസിലെ............................................ലെ..............................................നമ്പർ ഫയൽ പ്രകാരം അംഗീകരിച്ചു.

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
കൊല്ലം

മേൽപ്പറഞ്ഞ വ്യവസ്ഥകൾ അനുസരിച്ച് ബാങ്ക് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ നിക്ഷേപ പദ്ധതിയിൽ അതിലെ വ്യവസ്ഥകൾ പൂർണ്ണമായി സമ്മതിച്ചുകൊണ്ട് ..................................മാസം കാലാവധിയുള്ള പ്രതിമാസം................................തുക നിക്ഷേപിക്കുന്നതും ആകെ നിക്ഷേപത്തുക....................ഉള്ളതുമായ...................................നമ്പർ പ്രതിമാസ നിക്ഷേപ പദ്ധതിയിൽ ഞാൻ ചേർന്നിരിക്കുന്നു.

പേര്

ഒപ്പ്

സ്ഥിരമായ മേൽവിലാസം :

ഔദ്യോഗികമായ മേൽവിലാസം :

അവകാശിയുടെ പേരും മേൽവിലാസവും:

സാക്ഷി 1

നിക്ഷേപവർഷവും നമ്പരും
പ്രതിമാസനിക്ഷേപകന്റെ നമ്പർ

സ്ഥലം :

തീയതി :

സെക്രട്ടറി (ഒപ്പ്)